ക്കും പറയും. ഉറുമ്പിന്റെ പര്യായം-പിപീലിക.

[ഉറുമ്പു പലവിധമുണ്ടു്. കട്ടുറുമ്പു്, നീററുറുമ്പു്, ശവംതിന്നിയുറുമ്പു്, നെയ്യുറുമ്പു്, പാമ്പുറുമ്പു്, പുളിയുറുമ്പു് ഇത്യാദിയാകുന്നു ]

ഉറുമ്പുക, ഉരുമ്പുക-അമറുക.

ഉറുമാപ്പുലി, ഉറുമാമ്പുലി-വിഷമുള്ള ഒരുമാതിരി ചെറിയജന്തു, വിഷച്ചിലന്തി.

ഉറുമാമ്പഴം, ഉറുമാൻ-താളിമാതളം. പര്യായങ്ങൾ-കരകം, ദാഡിമം (ഡാഡിമം).

[താളിമാതളം രണ്ടുവിധം ഉണ്ടെന്നു കാണുന്നു. ഒന്നു മധുരരസവും മറേറതു പുളിരസവും ഉള്ളകായ്കളുള്ളതാണു്. ഇതു കാസം, വാതകഫപിത്തരോഗങ്ങൾ, അരോചകം ഇവയെ കളയും.]

ഉറുമാൽ-തലയിൽകെട്ടുന്ന ലേസ്. [പേർഷ്യൻ വാക്കു്.]

'പട്ടുകളുംപുടവകളുംതൊപ്പട്ടികളുമി-
രട്ടുകരിമ്പടമുറുമാൽ വകകളും'
(രുക്മിണീസ്വയംവരം തുള്ളൽ)

ഉറുമി-ഒരു പട്ടണത്തിന്റെ പേർ. [ഉറുമിരാജാവു് = ടർക്കിസുൽത്താൻ.]

ഉറുള-ഉരുള.

ഉറുളക്കട്ട-കൃഷിക്കുള്ള ഒരുപകരണം. [ഉരുളക്കട്ട എന്നതു നോക്കുക.]

ഉററ-വി. പു. ഉള്ള. വ. അടുത്ത. ന. തക്കതായ

ഉററബന്ധു അടുത്ത ചാർച്ചക്കാരൻ

ഉററാൽ-ഉള്ളി, ഈററൽ.

ഉററവൻ-അടുത്തവൻ. വ. സ്നേഹിതൻ.

ഉററവർ-ബന്ധുക്കൾ.

ഉററിപ്പു്-[illegible].

ഉററിക്ക-ഊററിക്ക, തുള്ളിതുള്ളിയായി വീഴിക്ക.

ഉററു്-വാത്സല്യത്തോടുകൂടി.

# ഊ

ഊ—സ്വരാക്ഷരങ്ങളിൽ ഒന്നു്. (ഒരു ദീർഘമായ ഓഷ്ഠ്യം.)

ഊഃ-പു. ശിവൻ. വ. ചന്ദ്രൻ ന. രക്ഷിതാവു്.

ഊകാരം-ഊ എന്ന അക്ഷരം.

ഊക്കൻ-ശക്തിയുള്ളവൻ.

ഊക്കം-ബലം, ശക്തി.

ഊക്കു്-പു. ശക്തി, ബലം. വ. സന്ധ്യാവന്ദനം.

ഊക്കാരൻ-കരിവെപ്പിക്കുന്നവൻ.

ഊക്കുക-പു. ആചമിക്കുക, ബ്രാഹ്മണർ നിത്യകർമ്മം കഴിക്കുക. വ. ശക്തിക്കുക ന. മുന്നോട്ടായുക ഉ-ം,

'തീക്കുഴിതന്നിൽചാട്ടുവാനൂക്കുമ്പോൾ'
(സന്താനഗോപാലം-പാന)

ഊചിവാൻ-പറഞ്ഞു

ഊച്ചു്-ഇണ, ചങ്ങാതി.

ഊഞ്ചൽ-ഊഞ്ഞാൽ, ഉഴിഞ്ഞാൽ.

ഊഞ്ചൽകട്ടിൽ-തൂക്കമഞ്ചം.

ഊഞ്ഞാൽ-ഉഴിഞ്ഞാൽ


(ഊഞ്ഞാൽ)

ഊഞ്ഞാവള്ളി-ഒരു ചെടി.

ഊടു്-പു. മദ്ധ്യം, സാരമായ ഭാഗം ഉ-ം, ഊടുവലിക്ക, ഊടറിഞ്ഞ വരന ഓലവായിക്കാവു വ. അകം. ന. തവണ (പ്രാവശ്യം.) ഉ-ം, അതാതു്. ഈ പദത്തെ ഇപ്പോൾ സപ്തമി വിഭക്തിയോടു ചേർത്തു പ്രയോഗിക്കാറുള്ളൂ. അതോടു ചേർത്തു പ്രയോഗിക്കുന്നതു് 'ഉടെ' എന്ന നിപാതപൂർവ്വമായിട്ടുവേണം. വിഭക്തിയോഗം കൂടാതെ പദ്യത്തിൽ പ്രയോഗിച്ചുകാണുന്നുണ്ടു്. ഉ-ം,

'ഊടശരംകൊണ്ടു'

(കേരളവർമ്മരാമായണം)

'രണ്ടുമൂന്നൂടകൊന്നാർ'

(മഹാഭാരതം)

'ഊടേതുടന്നിതൊരുപ ടവന്നീപതീനാം'

(ഭാഷാനൈഷധചമ്പു)

൪. സൂക്ഷ്മം, പരമാർത്ഥം. ഉ-ം, ഊടറിവ് (സൂക്ഷ്മജ്ഞാനം.) ൫. പരിചയം, ശീലം. ൬. കൂടെ. ഉ-ം, അതിലൂടെ. ൭. നെയ്ത്തുകാരന്റെ വിലങ്ങനൂൽ. ൮. രഹസ്യം. ൯. (വ്യാകരണത്തിൽ) അനുപ്രയോഗങ്ങളിൽ പെട്ട ധാതുക്കളിൽ ഒന്ന്.

ഊടറിവ്-൧. സൂക്ഷ്മമായ ജ്ഞാനം. ൨. പരിചയം. ൩. ശീലം.

ഊടാടാത്തവൻ- സഞ്ചരിക്കാത്തവൻ, പരിചയം ലഭിക്കാത്തവൻ ഉ-ം, അവന്റെ വീട്ടിൽ ഊടാടാത്തവൻ (ദേശ്യം)

ഊടാടുക-൧ മദ്ധ്യേക്കൂടി പോകുക. ൨. സഞ്ചരിക്കുക. ൩. മദ്ധ്യം ഇളകിപ്പോകുക. "ആറ്റൂടാടും കാടാകും; അരചൻ ഊടാടും നാടാകും" ൪. അയഞ്ഞുകിടക്കുക, ൫. ഇളകുക. ൬. കാററു മുതലായവ അയവയപ്പോലെ കടന്നുപോവുക ൭. പരിചയിക്കുക.

ഊടാട്ടം-അയച്ചിൽ.

ഊടാണി-അയവുള്ള ആണി.

ഊടായി-ആയുധക്കത്തി.

ഊടുനടക്ക-ഊരന്നു കയറുക.

ഊടുപാട്, ഊടുപോക്കു-൧. അറിവ്. ൨. ശീലം.

ഊടുപാട്-അ. ൧. മുഴുവനും. ൨. കൂടെ.

ഊടുവഴി-൧. രഹസ്യമായവഴി. ൨. ദുർഘടമായ പ്രത്യേകവഴി, കഴിഞ്ഞ പ്രത്യേകവഴി.

ഊടുവലിക്ക-ചോച്ചു മാററുക, ഇടയിൽ ചേർക്കുക.

ഊടെ-വ്യാകരണത്തിൽ കൊണ്ടാദിഗണങ്ങളിൽ പെട്ടത്. സപ്തമിവിഭക്തിയിൽ ചേരുന്നു. ഉ-ം, അതിൽ ഊടെ (കൂടെ) എന്നർത്ഥം.

ഊട്ട്-൧ ഭക്ഷണം ൨. സദ്യ. [തമിഴ് മലയാള കർണ്ണാടകങ്ങളിൽ-ഉൺ.] ൩. അടിച്ചുപാററിക്കുന്ന ഇരിമ്പ്. ൪. ഉരുക്കിനാവശ്യമുള്ള തീ പാററലിന്റെ ക്രമം.

ഊട്ടി-കണ്ണാ.

ഊട്ടുക-൧. ഭക്ഷിപ്പിക്കുക, ൨. ആയുധങ്ങളെ പൂജകഴിക്കുക. ൩. ഇരുമ്പു മയം വരുത്തുക.

ഊട്ടുകാർ-അരിവെപ്പുകാർ.

ഊട്ടുപുര-ബ്രാഹ്മണർക്ക ഭക്ഷണം കൊടുക്കുന്ന സ്ഥലം. [ഇതു ക്ഷേത്രം സംബന്ധിച്ചിരിക്കും].

ഊട്ടുബ്രാഹ്മണസ്വം-ബ്രാഹ്മണരുടെ ഊട്ടുവകക്കു ഏർപ്പെടുത്തിയ മുതൽ

ഊഢകങ്കട-വി. പടച്ചട്ട ധരിച്ചു.

ഊഢ-വി. ൧. വിവാഹംചെയ്യപ്പെട്ട ൨. വഹിക്കപ്പെട്ട ൩. വഹിച്ച. ഉ-ം, ഊഢഃഖം.

ഊഢാ-൧ വിവാഹം ചെയ്യപ്പെട്ടവൾ. ൨. രണ്ടാമതു വേട്ടവൾ.

ഊണരി-ഉണ്ണുന്നതിനുള്ള അരി.

ഊണി, ഊണുകാരൻ-൧. അധികം ഭക്ഷിക്കുന്നവൻ. ൨. വിരുന്നുകാരൻ.

ഊണില-അടിക്കലം. (അടിതോൽ എന്നു നോക്കുക.)

ഊണു-ഭക്ഷണം, ചോറ്. (അടിതോൽ എന്നു നോക്കുക.)

ഊത-വി. നെയ്യപ്പെട്ട.

ഊതൻ-മനുഷ്യർക്ക കടന്നുപോകുന്നതിനു വേലിയിൽ ഉപയോഗിക്കുന്ന മരക്കുററി. [കർണ്ണാടകവും തെലുങ്കും ഊത= ഉണ്ട്.]

ഊതം-ഊടും പാവുമായി നെയ്യപ്പെട്ടത്. മറവപദ്ധായങ്ങൾ-സ്യൂതം, ഉതം. പകിയ നൂൽ എന്നും കാണുന്നു.

ഊതാമ്പി-പൊണ്ണൻ.

ഊതി-൧. നെയ്ത്ത്. ൨. പാലനം. ൩. വാററക. ൪. വേഗം. ൫. സുഖം ൬. അഭ്യാസം, ആയാസം. ൭. കളി. ൮. കൃപ. ൯. സഹായം. ൧൦. തയ്യൽകാരന്റെ കൂലി. ൧൧. അനുഗ്രഹം, സന്തോഷം.

ഊതിക്കഴിക്കുക-തീകൊണ്ടു സ്വർണ്ണംമുതലായവയുടെ കറകളക.

ഊതുക-൧. പ്രവർത്തിച്ചു കാററുണ്ടാക്കുക. ൨. കുഴലും മററും വിളിക്കുക. ൩. കാററടിക്കുക. [കാ-ക്രി=ഊതിക്കുക.]

ഊതുകട്ടി-മാററുള്ള വെള്ളി.

ഊത്ത-൧. മീൻപിടിക്കുന്ന ഒരു കാലം. ൨. കേട്.

ഊത്ത-വി. ചാടിയ, തള്ളിയ.

ഊത്തവയറ്-ചാടിയവയറ്, തള്ളിയ വയറ്.

ഊത്തവയറ്-വി വയറു ചാടിയ [ഊത്തവയറൻ, ഊത്തവയറി, ഊത്തവയറ്.]

ഊത്തിനുവാല്ത്തിടിയൻ-പാമ്പ്. (നംയാട്ടുപേർ.)

ഊത്ത്-൧. കുഴലും മററും വിളിക്കുക ൨. കുഴൽ, നച്ചുകുഴൽ. ൩. ചീററൽ. ൪. കാററടിപ്പ്. ൫. കാററുണ്ടാവാൻ തക്ക പ്രവൃത്തിചെയ്ക.

ഊധസ്സ്-൧. അകിട്. ക്ഷീരത്തെ വഹിക്കുന്നത് എന്നർത്ഥം. ൨. സ്നേഹിതന്മാർക്കു മാത്രം വരുന്നതിനു തടസ്സമില്ലാത്തമറവു (സ്വകാര്യ) സ്ഥലം. ൩. നെഞ്ച്.

ഊധന്യം-പാൽ.

ഊൻ-൧. പല്ലിന്റെ മോണ. ൨. നഖത്തിന്റെ ചുവട്. ൩. വ്രണത്തിലുണ്ടാകുന്ന അരിപ്പുണ്ണ്. ൪. വ്രണം.

ഊൻകുത്തു-പല്ലുകുത്ത്.

ഊന-വി. ൧. അല്പമായ. ൨. നിന്ദ്യമായ ൩. കുറവുള്ള. ൪. അംഗഹാനിവന്ന. ൫. താണ ൬. ചെറിയ.

ഊനക-വി. താണതരത്തിലുള്ള.

ഊനകാകളി-ഒരു കിളിപ്പാട്ടുവൃത്തം.

'രണ്ടാംപാദാവസാനത്തിൽ
വരുന്നൊരുഗണത്തിനു
വർണ്ണമൊന്നുകുറഞ്ഞീടി
ലൂനകാകളിയാമത്'
(വൃത്തമഞ്ജരി)

'നാരായണകഥകേട്ടോളവുമതി-
ലേറുന്നിതുരുചികിളിമകളേ'
(ഭാരതം)

ഊനച്ചൂട്-ചീഞ്ഞവാക്ക്, മുറുമുറുപ്പ്. (ഊനാംച്ചൂട് എന്നും കാണുന്നു)

ഊനച്ഛന്ദം-അ. സ്വാതന്ത്ര്യമില്ലാതെ.

ഊനതരംഗിണി-ഒരു തുള്ളപ്പാട്ടുവൃത്തം
'രണ്ടാംപാദഗണം രണ്ടുകുറഞ്ഞു നതരംഗി
(വൃത്തമഞ്ജരി) ണി.'

ഊനം-൧. കുറവ്. ൨. പഴുത്. ൩. ദോഷം.

ഊനംവരുത്തുക-നശിപ്പിക്കുക.

ഊനമാനം-കുറച്ചിൽ.

ഊനവിംശതി-പത്തൊമ്പത് (൧൯.)

ഊനാതിരേകം-അ. ഏററക്കുറവ്.

ഊനിക്കുക-൧. കിളിർക്കുക, മുളയ്ക്കുക. ൨. പ്രത്യക്ഷമാവുക ൩. വളരുക.

ഊനിത-വി. കുറയ്ക്കപ്പെട്ട.

ഊന്ന്-൧ താങ്ങ്. ൨. കഴുക്കോൽകുത്തുക. ൩. ബലം ൪ അടയാളം.

ഊന്നുക-൧. ഉറപ്പിക്കുക ൨. വടി മുതലായതു കുത്തിനിറുത്തുക. ൩. കഴുക്കോൽ കുത്തുക. ൪. ചാരുക. ൫. കണക്കിൽ അടയാളമിടുക. ൬. വൃക്ഷത്തിനു വേരുപിടിക്കുക. ൭. സ്വീകരിക്കുക.

ഊന്നുകാരൻ-വള്ളക്കാരൻ.

ഊന്നുകാൽ-ചാരി.

ഊന്നുകോൽ-വടി, ദണ്ഡ്, ഊന്നുവടി

ഊപ്പ-ചെറിയ മത്സ്യം.

ഊപ്പടങ്ങേപ്പിടിക്ക - ഒന്നോടെകൂടി അടക്കിപ്പിടിക്ക.

ഊപ്പത്തരി-പ്ര. ഏററവും ചെറിയവസ്തു. ല. നിസ്സാരകാര്യം. (ഊപ്പത്തിരി പാഠാന്തരം).

ഊപ്പാട്ട-നാശം, അവശത.

ഊപ്പിടി-ഭീഷണിവാക്ക്.

ഊപ്പിടികാട്ടം-ഭയപ്പെടുത്തുക.

ഊപ്പ്-പ്ര. വേട്ടയാട്ടം. [ഇതു പലവിധം ഉണ്ട്] ല. ദശ, ഇറച്ചി.

ഊമ്പൽ-പ്ര. വാടിയ പൂക്കളിലുള്ള ഒരു മാതിരി പൂമ്പൊടി.

'ഊമ്പലുറഞ്ഞങ്ങു ക്രമ്പിമയങ്ങിനോ-
രാമ്പൽനിരകളും മെല്ലെ മെല്ലെ'
(കൃഷ്ണഗാഥ)

ല. ഊണ്, തീററി. (ഗ്രാമ്യം).

ഊമ്പുക-പ്ര. ഈമ്പുക, കുടിക്കുക. ല. ഉണ്ണുക, തിന്നുക (ഗ്രാമ്യം).

ഊം-അ. പ്രശ്നംചോദിക്കുക, എന്നു ഇതിന്റെ അർത്ഥം.

ഊമ-വി. രക്ഷിക്കുന്ന.

ഊമ-മിണ്ടാൻ വയ്യാത്തവൻ. പര്യായം- 'മൂകൻ'

ഊമച്ചെകിടൻ-മിണ്ടാനും ചെവികേൾപ്പാനും വയ്യാത്തവൻ. പര്യായം-'എഡമൂകൻ'.

ഊമൻ-പ്ര. മിണ്ടാൻവയ്യാത്തവൻ [സ്ത്രീ-ഊമച്ചി]. ല. മൂങ്ങ. പര്യായങ്ങൾ-ഉലൂകം, വായസാരാതി, പേചകം, ദിവസാന്ധം, കൌശികം, ഘൂകം, ദിവാഭീതം, നിശാടനം ഇവ എട്ടും.

ഊമമലർ-മലരിന്നുവേണ്ടി നെല്ലു വറത്താൽ നല്ലപോലെ മലരാതെ കിടക്കുന്നതു്.

[ഇതു വിഷ്ടംഭത്തെ ഉണ്ടാക്കും. രൂക്ഷവും, തർപ്പണവും, ലേപനവും, ഗുരുവുമാകുന്നു.]

ഊമരി-കടൽ. ഉമരി, ഉവരി ഇങ്ങനെയും കാണുന്നു.

ഊമരികാരം-ഒരു ഭസ്മം.

ഊയൽ-ഊഞ്ഞൽ, ഊഞ്ഞാൽ.

ഊയലാടുക-ഊഞ്ഞാലാടുക.

ഊയി-വേദനയുണ്ടാകുമ്പോൾ പറയുന്ന ഒരു വാക്ക്.

ഊയികാരം, ഊയാരം-വലിയശബ്ദം, കുഴഞ്ഞിയ ശബ്ദം.

ഊർ-(വ്യാകരണത്തിൽ) അരുളാദിഗണത്തിൽ ഒന്ന്.

ഊര-പൃഷ്ഠം, ചന്തി, കണ്ടി.

ഊരകം-പ്ര. ഊരിന്റെ അകം. ല. കരന്തോട്ടിയിൽ ഒരു വകഭേദം.

ഊരകത്തമ്മതിരുവടി-ഈ ക്ഷേത്രം കേരളത്തിലെ അതിപ്രസിദ്ധവും മാഹാത്മ്യങ്ങളും കൂടിയതാണ്. ഊരകത്തമ്മതിരുവടിയുടെ പ്രധാന തിരുനാമം തിരുവലയനൂർ ഭഗവതി എന്നാകുന്നു.

ഊരകുത്തി വീഴുക-പൃഷ്ഠം കുത്തിവീഴുക.

ഊരടി ഒരു വക അടിമകൾ.

ഊരം-ഒരു വക കരന്തോട്ടി. (ഊരകം, ഊപ്പൻ.)

[ഇതിനെ ഊപ്പനം എന്നും ചുക്കി എന്നും പറയാറുണ്ട്. ക്ഷതാദ്യങ്ങൾക്ക് കൊള്ളാം. ശരീരക്ഷയവും നന്നാക്കും. ഇതിന്റെ വേരു കണ്ണിലെ വാതരോഗികൾക്കുപയോഗമുണ്ട്.]

ഊരയാട്ടിപ്പക്ഷി-കുളക്കൊക്കുപ്പക്ഷി.

ഊരരി-അ. വിസ്താരം. ല. അംഗീകാരം.

ഊരരീകൃത വി. അംഗീകരിക്കപ്പെട്ട.

ഊരൽ-പ്ര. വലിച്ചുടപ്പ്. ല. ഉറയും മറ്റും പോലെയുള്ള അരിച്ചുനടപ്പ്.

ഊർവ്യൻ-വൈശ്യൻ.

ഊരഴി-ഊരി എടുക്കാവുന്ന അഴി.

ഊരാണി-എടുക്കാൻ തക്കവിധം തറയ്ക്കുന്ന ആണി, അയവ്.

ഊരാമുതൽ-അന്യവസ്തു.

ഊരാണ്മ, ഊരായ്മ-ബ്രാഹ്മണർക്ക് ക്ഷേത്രങ്ങളിലുള്ള ഒരധികാരം.

ഊരാളൻ-ഊരാണ്മക്കാരൻ.

ഊരാളി-൧. ശൂദ്രരിൽ താണ ഒരു ജാതി ൨. കാട്ടിൽ പാർക്കുന്ന ഒരു ജാതി.

[തെക്കൻ ദിക്കുകളിൽ തേങ്ങ അടക്കുന്ന ഒരു വക ജാതിക്കാരെയാണ് ഊരാളിമാർ എന്നു പറയുന്നത്. ഇവരെ വടക്കൻദിക്കുകാർ തണ്ടാന്മാർ എന്നു വിളിക്കുന്നു].

ഊരാളിമന്നൻ-ഒരുതരം വലിയപാമ്പ്, ഏകദേശം ഏഴു അടി നീളവും ഒരു കമുകിന്റെ വണ്ണവും കാണും.

ഊരി-വലിച്ചെടുത്തു. ഊരുകഎന്നതിന്റെ ഭൂതകാലം.

ഊരി-അ. അംഗീകാരം. ൨. വിസ്താരം.

ഊരീകൃത-വി. ൧. അംഗീകരിക്കപ്പെട്ട. ൨. വാഗ്ദത്തം ചെയ്യപ്പെട്ട. ൩. വിസ്താരമാക്കപ്പെട്ട.

ഊര്, ഊർ-ഗ്രാമം, പട്ടണം. ഉ-ം, ബിലപ്പൂര്, കണ്ണൂർ ഇത്യാദി.

ഊരു-തുട. വസ്ത്രത്താൽ മറയ്ക്കപ്പെടുന്നത് എന്നർത്ഥം. മറ്റൊരുപര്യായം-സക്ഥി.

ഊരുക-൧ വലിച്ചെടുക്കുക. ൨. അരിച്ചു നടക്കുക.

ഊരുകാണ്ഡം-തുട.

ഊരുജൻ, ഊരുജന്മാവ്-വൈശ്യൻ. വിരാട്പുരുഷന്റെ ഊരുക്കളിൽ നിന്നുണ്ടായവൻ എന്നർത്ഥം.

'ബ്രാഹ്മണോസ്യമുഖമാസീൽ
ബാഹൂരാജന്യഃ കൃതഃ
ഊരൂതദസ്യയദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത'
(ശ്രുതി)

ഊരുദഘ്നം-തുട.

ഊരുപർവം-മുട്ട്. തുടയുടെ സന്ധി എന്നർത്ഥം.

ഊരുബുകം, ഊരുബൂകം-ആവണക്ക. വലിയ രോഗങ്ങളെ മാററുന്നത് എന്നർത്ഥം.

ഊരുമാതളം-നീർമാതളം.

ഊരുവു, ഊരുവുകം, ഊരുവൂകം-ആവണക്ക്.

ഊരുസ്തംഭം-൧. മുടന്ത്. ൨. തുട. ൩. തുടകൾ സ്തംഭിക്കുന്ന ഒരു രോഗം. ആഢ്യവാതം എന്നും പറയും.

ഊരുസ്തംഭാ-വാഴ.

ഊരുൽ-ഒരു (മരുന്നു) ചെടി.

ഊർക്കുരുകിൽ-ഒരു ചെറിയ പക്ഷി. പര്യായങ്ങൾ-ചടകം, കളവിങ്കം.

[ഈ പക്ഷി നാട്ടുപുറങ്ങളിൽ ഉള്ളതായിട്ടറിയുന്നു. പെൺപക്ഷിക്കു ചടകം എന്നു പേർ].

ഊച്ച്-൧. ഞെവരി (ഞവരി). ൨. ഈറക്കം. ൩. (കൃഷിശാസ്ത്രപ്രകാരം) വെള്ളം വിട്ടു മണ്ണു ചേറാക്കുക.

ഊച്ച്പിടിക്ക-നിലം നിരപ്പാക്കുക.

ഊച്ച്പ്പലക-വിതയ്ക്കുമ്പോൾ നിലം നിരപ്പുവരുത്തുന്നതിനുള്ള ഒരു പലക, ഞെവരി.

ഊച്ച്മരം-നിലം നിരപ്പാക്കുന്ന തടി, പല്ലിത്തടി.

ഊച്ചാംവഴി-കാട്ടിൽകൂടെയുള്ള ഇടുക്ക വഴി.

ഊർജ്ജം-൧. കാർത്തികമാസം. വിശേഷേണ ജയിപ്പാൻ ആഗ്രഹമുള്ളവർക്ക് ഇതിങ്കൽ ഉത്സാഹം ജനിക്കുന്നതിനാൽ ഈ പേരുണ്ടായി. ൨. ബലം, ശക്തി. ൩. പ്രയത്നം. ൪. ജീവൻ. ൫. ശ്വാസം ൬. ജലം.

ഊർജ്ജസ്വല-വി. ൧. ബലവത്തായ, ശക്തിയുള്ള. ൨. തീക്ഷ്ണമായ. ൩. ഉറപ്പുള്ള.

ഊൎജ്ജസ്വലൻ-അതിബലവാൻ.

ഊൎജ്ജസ്വതി-ചെംടിയുള്ളവൾ.

ഊൎജ്ജസ്വലത-ചാതുൎയ്യം. ൨. ശക്തി.

ഊൎജ്ജസ്വി-വി. ശക്തിയുള്ള. [സ്ത്രീ-ഊൎജ്ജസ്വിനി].

ഊൎജ്ജസ്സ്-അതിബലം.

ഊൎജ്ജാ-൧. ആഹാരം. ൨. ബലം. ൩. ദക്ഷന്റെ പുത്രി, വസിഷ്ഠന്റെ ഭാൎയ്യ.

ഊൎജ്ജാതിശയാന്വിതൻ-അതിബലവാൻ.

ഊൎജ്ജിത-വി. ൧. വൎദ്ധിച്ച. ൨. ബലമുള്ള. ൩. ഉൽകൃഷ്ടമായ.

ഊൎണ്ണനാഭം, ഊൎണ്ണനാഭി-ചിലന്തി നാഭിയിൽ നൂലുള്ളത്. [ആട്ടിൻരോമത്തോടു തുല്യമായ നൂലുള്ളത്.]

ഊൎണ്ണം-൧. ആട്ടിൻരോമം. ൨. കമ്പിളി.

ഊൎണ്ണാ-൧. ആടു മുതലായവയുടെ രോമം. ൨. പുരികങ്ങളുടെ നടുവിലെ ചുഴി. മറയ്ക്കുന്നത് എന്നൎത്ഥം. ൩. ചിത്രരഥന്റെ ഭാൎയ്യ. ൪. നെയ്ത്തിനു കൊള്ളാവുന്ന രോമം.

ഊൎണ്ണായു-൧. കറിയാടു, ഊൎണ്ണകൾ(നെയ്ത്തിനുപയോഗമുള്ള രോമങ്ങൾ) ഉള്ളത് എന്നൎത്ഥം. ൨. ആട്ടിൻരോമം കൊണ്ടു നെയ്തുണ്ടായ കരിമ്പടം (കമ്പിളി) മുതലായത്. ഊൎണ്ണ=(ആട്ടിൻരോമം) ഉള്ളത് എന്നൎത്ഥം. ൩. ചെമന്ന ആട്. ൪. ചിലന്തി.

ഊൎദ്ദരൻ-൧. വീരൻ. ൨. ശൂരൻ ൩. ഒരു രാക്ഷസൻ.

ഊൎദ്ദരാ-ധാന്യം അളക്കുന്ന പാത്രം.

ഊൎദ്ധ്വ-വി. ൧. മുകളിലുള്ള. ൨. ഉയൎന്ന. ൩. ഒടുക്കമുള്ള.

ഊൎദ്ധ്വകം-ഊൎദ്ധ്വഭാഗത്തു (ഉയരത്തു) കെട്ടിത്തൂക്കി കൊട്ടുന്ന ഒരു വാദ്യം.

ഊൎദ്ധ്വകേശൻ-ശിവൻ.

ഊൎദ്ധ്വഗതി, ഊൎദ്ധ്വഗമനം-൧. മേൽഗതി, സ്വൎഗ്ഗം. ൨. കയറ്റം. ൩. വലുത.

ഊൎദ്ധ്വഗൻ-വിഷ്ണു.

ഊൎദ്ധ്വഗം-ഒരു രോഗം.

ഊൎദ്ധ്വജാനു, ഊൎദ്ധ്വജ്ഞു-വി. മേല്പെട്ടു പൊന്തിനില്ക്കുന്ന മുട്ടുള്ള.

ഊൎദ്ധ്വജ്വലനം-മേല്പെട്ടുള്ള ജ്വലനം (കത്തൽ).

'പ്രസിദ്ധമൂൎദ്ധ്വജ്വലനം ഹവിൎഭുജഃ'
(മാഘം)

ഊൎദ്ധ്വദംഷ്ട്രൻ-ശിവൻ.

ഊൎദ്ധ്വാൻ-ഒടുക്കത്തെ ശ്വാസം, മരണവായു.

[ക്ഷുദ്രകൻ, തമകൻ, ഛിന്നൻ, മഹാൻ, ഊൎദ്ധ്വാൻ ഇവ അഞ്ചും മരണവായുക്കൾ].

ഊൎദ്ധ്വപുണ്ഡ്രം-ഗോപിക്കുറി.

'ശോഭിതലലാടോൎദ്ധ്വപുണ്ഡ്രകമലകാമം'
(ഭാഗവതം)

ഊൎദ്ധ്വപുരം-ഹരിശ്ചന്ദ്രന്റെ പുരം.

ഊൎദ്ധ്വപുഷ്പി-മത്തോന്നി.

ഊൎദ്ധ്വപ്രാപ്തി-൧. സ്വൎഗ്ഗത്തിലേക്കുള്ള കയറ്റം. ൨. മരണം. ൩. വൎദ്ധന.

ഊൎദ്ധ്വബാഹു-വി. കൈയുയൎത്തിയ.

ഊൎദ്ധ്വബാഹു-കൈയുയൎത്തിപ്പിടിച്ചു തപസ്സുചെയ്യുന്ന ഋഷി.

ഊൎദ്ധ്വഭാഗം-മുകൾവശം.

ഊൎദ്ധ്വഭൂമി-മുകൾപരപ്പ്. പൎയ്യം-'അധിത്യക'.

ഊൎദ്ധ്വം-അ. മേൽ, മേലെ.

ഊൎദ്ധ്വമാവുക-വേറെയാവുക, ഇല്ലാതാവുക.

ഊൎദ്ധ്വമുഖ-വി. മേല്പെട്ടു മുഖമായുള്ള.

ഊൎദ്ധ്വമുഖി-ആദിത്യൻ നില്ക്കുന്ന രാശിയുടെ മുൻപിലത്തെ രാശിക്കു പറയുന്ന ഒരു പേർ.

ഊൎദ്ധ്വരേതസ്സ്-പു. ശിവൻ. വ. ഭീഷ്മർ. ന. ഇന്ദ്രിയനിഗ്രഹംചെയ്യുവൻ.

ഊൎദ്ധ്വരോധനം-ഛൎദ്ദി.

ഊൎദ്ധ്വരോമം-മേലോട്ടുനില്ക്കുന്നരോമം

ഊൎദ്ധ്വലിംഗൻ-ശിവൻ.

ഊൎദ്ധ്വലോകം-സ്വൎഗ്ഗം, മേൽഭാഗം.

ഊൎദ്ധ്വവൎത്മം-ആകാശം.

ഊൎദ്ധ്വവായു-ഒടുക്കത്തെ ശ്വാസം. [ഊൎദ്ധ്വൻ എന്നതു നോക്കുക].

ഊൎദ്ധ്വശായി-ശിവൻ.

ഊൎദ്ധ്വശ്വാസം-ഒടുക്കത്തെ ശ്വാസം. [ഊൎദ്ധ്വൻ എന്നതു നോക്കുക].

ഊൎദ്ധ്വസ്രോതസ്സ്-തപസ്വി.

ഊൎപ്പണം, ഊൎപ്പം-ഉത്തി. ഊരം എന്നും പറയും. കരുന്തോട്ടിയിൽ ഒരു വകഭേദം.

ഊൎപ്പന്നി-പോക്ക്, പഴക്കമുള്ള പന്നി.

ഊൎപ്പള്ളി-നായാട്ടുകാൎക്ക സ്ഥാനമാനവും അവകാശവും സമ്പാദിച്ചു കിട്ടീട്ടുള്ള കെട്ടിടം, അവരുടെ വേട്ടയ്ക്കുള്ള അതിൎത്തിസ്ഥലം.

ഊൎപ്പ്-അവകാശം.

ഊൎപ്രദക്ഷിണം-പട്ടണം ചുററിസഞ്ചരിക്കുക.

ഊൎമ്മി-പു. തിര, ഗമനശീലം എന്നൎത്ഥം. മററു പൎയ്യായങ്ങൾ-ഭംഗം, തരംഗം, വീചി. വ. ഞെറിവ്. ന. ഒഴുക്ക്. ര. പ്രകാശം. ൭ സുഖമില്ലായ്മ. ന ദുഃഖ, സംഖ്യ ൬. വെള്ളത്തുള്ളി. ഉ ം, ഗാംഗമലോൎമ്മി.

ഊൎമ്മിക-പു. മോതിരം, വിരലിൽ മന്നിലധികം മോതിരമിട്ടാൽ തിരമാലപോലെ തിരിയും അതിനാൽ ഈ പേരുണ്ടായി. മററൊരു പൎയ്യായം-അംഗുലീയം. വ. തിര. ന. ഞൊറിവ്. ര. വേഗിച്ചയുടെ മുഴക്കം. ൭. വ്യസനം.

ഊൎമ്മിമാല-തിരമാല.

ഊൎമ്മിമാലി-സമുദ്രം. ഊൎമ്മിമാലയോടു കൂടിയതു്.

ഊൎമ്മ്യ-വി. തിരയെ സംബന്ധിച്ച.

ഊൎമ്മ്യാ-രാത്രി.

ഊൎമ്മിമത്തു്-വി. പു. തിരമാലയുള്ള. വ. വളഞ്ഞ.

ഊൎമ്മിമത്തു്-വളഞ്ഞതു്. ഊൎമ്മിയോടു കൂടിയതു് എന്നൎത്ഥം. സമുദ്രം.

ഊൎമ്മിളാ-ലക്ഷ്മണൻെറ ഭാൎയ്യ, സീതയുടെ സഹോദരി, ഗന്ധൎവ്വീസോമദയുടെ മാതാവു്.

ഊൎവ്വ്-വി. വലിയ, വൎദ്ധിച്ച.

ഊൎവ്വൻ-ഋഷികൻെറ അച്ഛൻ, ജമദഗ്നിയുടെ പിതാമഹൻ.

ഊൎവ്വം-പു. ബഡവാഗ്നി. വ. മേഘം.

ഊൎവ്വാരു,ഊൎവ്വാലു-വെള്ളരി, [ഉൎവ്വാരു എന്നതു നോക്കുക ]

ഊൎവ്വ്യാംഗം-കൂണ്, കൂൺ, കുമിൾ, കടയുടെ ഭാഷയിൽ ഭൂമിയിൽ നിന്നു ഏഴുന്നുണ്ടാകുന്ന ഒരു സാധനം.

ഊൎവൽ, ഊൎയൽ-ചൂളമിടുക

ഊൎവു്-വേദന.

[ഇതു തെക്കൻദിക്കിൽ ശിശുക്കൾക്കു വേദനയുണ്ടാകുമ്പോൾ പറയാറുണ്ടു്.
'സൂൎയ്യൻ അധികതരം കറുത്തനൽ
ആഴയെഴ വിളക്ക്' (രാമചരിതം)
ഇതിൽ 'ഒരവു' എന്ന വാക്കിൻെറ അൎത്ഥം 'തീക്കട്ട' എന്നാകുന്നു. ഇതിൽ നിന്നാണു് 'ഊരവു' എന്നതു് ഇപ്പോൾ നടപ്പിലായിട്ടുള്ളതു്.]

ഊൎശൻ-പു. ദോഷൻ. വ. ദീശകറത്തെവൻ.

ഊഷയാക്കുക-നിസ്സാരമാക്കുക, നാണിപ്പിക്കുക, ഊശിയാക്കുക എന്നും ഉണ്ടു്.

ഊശാന്താടി-കറുത്ത മീശ.

ഊഷകം-പു. ഉഷസ്സ്, പ്രഭാതം. വ. നല്ല മുളക്. ന. ഉപ്പ്. ര. ഉവർമണ്ണ്. ൭. കല്ലുപ്പ്. ന. മയൂരതുത്ഥം.

ഊഷസ്സ്-പ്രഭാതം. ഉഷസ്സ് എന്നതിന്റെ പാഠം.

ഊഷം-ഓർച്ചുളിയുള്ള മണ്ണ്. നീറലിനെ ചെയ്യുന്നതു് എന്നർത്ഥം. മൂത്രക്ഷാരമണ്ണ്.

ഊഷണത്രയം ചുക്ക്, മുളക്, തിപ്പലി ഇവ ൩-ം.

ഊഷണം, ഉഷണം-൧ നല്ലമുളക്. ദഹിപ്പിക്കുന്നതു, വേദനപ്പെടുത്തുന്നതു് എന്നർത്ഥം. മുളക്. ൨. തിപ്പലി. ൩. ചുക്ക്. ൪ വാൽമുളക്.

ഊഷണാ, ഉഷണാ-തിപ്പലി. വേദനപ്പെടുത്തുന്നതു്, ചുട്ടുനീറുന്നതു് എന്നർത്ഥം.

ഊഷതാ, ഊഴതാ-൧. ഭോഷത്വം. ൨. നാണം. ൩. മൂഢത.

ഊഷൻ, ഊഴൻ-എന്തുചെയ്യണമെന്നറിവാൻ പാടില്ലാത്ത മൌഢ്യത്തോടുകൂടിയവൻ, ഭോഷൻ.

'ഭോഷമകന്നോരുഗാനത്തെകേൾക്കയാൽ
ഊഷനായിങ്ങനെനിന്നുപോയി'
(കൃഷ്ണഗാഥ)

ഊഷരം, ഊഷരാ-ഓർനിലം (പടന്ന) വളം വെളിപ്പെടാതെ കിടക്കുന്ന ഭൂമി.

ഊഷവാൻ-ഓർനിലം (പടന്ന) [സ്ത്രീ ഊഷവതി. നപും-ഊഷവത്.]

ഊഷാപതി-അനിരുദ്ധൻ. [ബാണപുത്രിയായ ഉഷയ്ക്കു ഊഷയെന്നും പറയാം]

ഊഷ്മ-വി. ചൂട്, വെയിൽ.

ഊഷ്മകം-ഗ്രീഷ്മഋതു, വേനൽകാലം. വേദനപ്പെടുത്തുന്നതു് എന്നർത്ഥം. ഊഷ്മംകൊണ്ടു ദുഃഖിപ്പിക്കുന്നകാലം എന്നുമാകാം

ഊഷ്മത-ചൂട്.

ഊഷ്മളം-ചൂടുള്ളതു്.

ഊഷ്മാഗമം- ഗ്രീഷ്മകാലം. ഊഷ്മാവിന്റെ ആഗമം (വരവ്) എന്നർത്ഥം.

ഊഷ്മാവ്-ചൂട്, ജ്വാല.

ഊഷ്മാക്കൾ-(വ്യാകരണത്തിൽ) ശ, ഷ, സ, ഹ ഇവ നാലും.

ഊഹനീ-ചൂൽ.

ഊഹനീയ-വി. ൧. ഊഹിക്കത്തക്ക, വിചാരിക്കത്തക്ക. ൨. തർക്കിക്കത്തക്ക. ൩. ഉദ്ദേശിക്കത്തക്ക.

ഊഹം-൧ വിതർക്കം. ഇതുകൊണ്ടു സംശയിക്കപ്പെടുന്നു. [അങ്ങിനെയോ ഇങ്ങിനെയോ എന്നുള്ള ആലോചനയത്രേ വിതർക്കം] മറപൎയ്യായങ്ങൾ-അഭ്യൂഹം, തൎക്കം [ഊഹം എന്നതിനു കുറവുള്ളതിനെ തീർക്കുന്നതിനായി അധികപദത്തെ ചേർക്കുന്നതിനും അപൂൎവ്വാൎത്ഥത്തെ ഉൽപ്രേക്ഷിക്കുന്നതിനും ഉള്ള പേർ എന്നും അർത്ഥം കാണുന്നു.] ൨. വിചാരം. ൩. ഉദ്ദേശം.

ഊഹാപോഹങ്ങൾ-ഊഹങ്ങളും അപോഹങ്ങളും. ഊഹം=ഒരു കാൎയ്യത്തിൽനിന്നു മറ്റൊരുകാൎയ്യത്തെ അറിവാനുള്ള ശക്തി. അപോഹം=നിൎണ്ണയിക്കൽ.

ഊഹിക്കുക-൧. വിചാരിക്കുക. ൨. തർക്കിക്കുക, ൩. ഉദ്ദേശിക്കുക.

ഊഹിത-വി. ൧ വിചാരിക്കപ്പെട്ട. ൨. തർക്കിക്കപ്പെട്ട. ൩. ഉദ്ദേശിക്കപ്പെട്ട.

ഊഹ്യമാന-വി. ൧. വിചാരിക്കുന്ന ൨. തർക്കിക്കുന്ന. ൩. ഉദ്ദേശിക്കുന്ന. ൪ വഹിക്കപ്പെടുന്ന.

ഊഹ്യ-വി. ൧. വിചാരിക്കത്തക്ക. ൨. തർക്കിക്കത്തക്ക. ൩. ഉദ്ദേശിക്കത്തക്ക. ൪. എടുക്കപ്പെടുവാൻതക്ക. ൫. ചുമക്കപ്പെടുവാൻതക്ക

ഊള-൧. ഒരു ചെടി. ൨. നരികൾ.

ഊളൻ-൧. നരി. ൨ (വ്യംഗ്യാർത്ഥം) കരുട്ടു ബുദ്ധിയുള്ളവനായി വളരെ പതിഞ്ഞവഴിയിൽ നടക്കുന്നവൻ.

ഊഴ്-[തമിഴിൽ ഊഴവൽ.] വിധി, കല്പിതം, ഭാഗ്യം.

ഊഴ്ക്കാരൻ-ഭാഗ്യമറി നടത്തുന്നവൻ.

ഊഴൻ, ഊഷൻ-൧. ദോഷൻ. ൨. രാജഭൃത്യൻ.

ഊഴത്വം, ഊഷത്വം-൧. ദോഷത്വം. ൨. മൂഢത. ൩. നാണം.

ഊഴം-൧. മുറ, സമയം, വട്ടം, കുറി. ൨. പരിചയം. ഉ-ം, ഈ പണിക്ക് അവനു ഊഴമുണ്ട്.

ഊഴംകുത്തുക-രാജാക്കന്മാർക്ക് അരികത്തിക്കൊടുക്കുക.

ഊഴമിടുക-മുറയിട്ടു പണിചെയ്യുക.

ഊഴൽ-൧. അഴുക്ക്, ദുഷ്ട്, കല്മഷം. ൨. ചൂളം.

ഊഴലിടുക-ചൂളമിടുക.

ഊഴി, ഊഴിമണ്ഡലം-ഭൂമി, ഭൂതലം.

ഊഴിയക്കാരൻ-വേലക്കാരൻ.

ഊഴിയം-ശുശ്രൂഷ, വേല, സേവ.

ഊഴിയംനടത്തുക-൧. വേലചെയ്യുക. ൨. (വ്യംഗ്യാർത്ഥം) ഫലം വല്ലവിധവും വരട്ടെ എന്നുള്ള ഉദ്ദേശ്യത്തോടുകൂടി താൻ ചെയ്യേണ്ടതു ചെയ്യുക.

ഊഴിയവേല-ചൊല്ലുവേല, അടിമവേല.

ഊറ, ഊറൽ-മട്ട്.

ഊറക്കാടി-അരി കഴുകിയ വെള്ളത്തിലെ ഊറൽ=കാടി.

ഊറയിടുക-മയംവരുത്തുക.

ഊറയ്ക്കിടുക-മയംവരുത്തുക.

ഊറാമ്പുലി-എട്ടുകാലി. ചില ദിക്കിൽ ക്രാംപുചി എന്നു പറയുന്നു. [വിഷച്ചിലന്തി.]

ഊറുക-൧. മട്ടാകുക. ൨. ജലം പതച്ചുവരുക.

ഊറ്റ-൧. മട്ട്. ൨. അരിപ്പ്. ൩. ഒഴിക്കൽ. ൪. അഴുക്ക്. ൫ വാറൽ.

ഊറ്റം-൧. ബലം, ശക്തി. ൨. വലിപ്പം. ൩. സ്തുതി.

ഊറ്റവാക്ക്-൧. വലിപ്പംപറക. ൨. ധീരണിവാക്ക്. ൩. മുഖസ്തുതി.

ഊറ്റവെള്ളം-൧. കഞ്ഞി. ൨. കാടി.

ഊറ്റ്-ഉറവ്. [ഉറവു എന്ന ശബ്ദം നോക്കുക].

ഊറ്റുക-൧. വാറ്റുക. ൨. അരിക്കുക. ൩. ഒഴിക്കുക.

ഊറ്റുകുഴി-ഉറവുകുഴി.

# ഋ

ഋ- ഒരു സ്വരാക്ഷരം. (ഒരുമൂർദ്ധന്യം) ഇരു, ഇരി (തത്ഭവം). വൃത്തി=വിരുത്തി. ഗൃഹം=കിരിയം.

ഋ-ൠ. എന്ന രണ്ടു സ്വരം ദ്രാവിഡത്തിലില്ലാത്ത സംസ്കൃതങ്ങളാകുന്നു. ദ്രാവിഡത്തിലില്ലാത്ത സ്വരമാകയാൽ ശുദ്ധമലയാളപദങ്ങളിൽ ഋകാരം കാണാൻ ഇടയില്ല. എന്നാൽ സംസ്കൃതപദങ്ങളിലെ ആവശ്യത്തിനു വേണ്ടി ഋകാരം സ്വീകരിച്ചതിന്റെ ശേഷം അതിനെ ചില മലയാളപദത്തിലും ഉപയോഗിച്ചു കാണുന്നുണ്ട്. തൃപ്പാദം, തൃക്കോട്ട, അതൃത്തി, മുതൃന്നു. ഇതിൽ തൃപ്പാദം ഇത്യാദികളിലെ 'തൃ'മാത്രം സമ്മതിക്കാം. അതൃത്തി, മുതൃന്നു ഇത്യാദികളെ 'അതിർത്തി, മുതിർന്നു' ഇത്യാദിയായിത്തന്നെ എഴുതേണ്ടതാണ്]. (കേരളപാണിനീയം.)

ഋകാരം-ഋ എന്ന അക്ഷരം.

ഋക്ക്-൧ വേദങ്ങളിൽ ഒന്ന്. ദേവന്മാർ ഇതുകൊണ്ടു സ്തുതിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. ൨. അഗ്നിയെ ജ്വലിപ്പിക്കാൻ ചൊല്ലുന്ന ഋക്ക്.

ഋക്ണ-വി. മുറിവുപെട്ട, ഉപദ്രവപ്പെട്ട.

ഋക്ഥം-൧. ധനം. പ്രസിദ്ധിയെ ഉണ്ടാക്കുന്നത് എന്നർത്ഥം. ൨. പൊന്ന്.

ഋക്ഥാദാനൻ- അവകാശി.